**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1011** **14-10-2026-ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ സുരക്ഷ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ഡോ. മാത്യു കുഴൽനാടൻ
ശ്രീ. കെ. എം. അഭിജിത്ത്
ശ്രീമതി കെ. കെ. രമ
ശ്രീ. രമേഷ് പിഷാരടി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** മത്സ്യത്തൊഴിലാളികൾക്ക് ബോട്ടുകളും മത്സ്യബന്ധനയാനങ്ങളും സുരക്ഷിതമായി അടുപ്പിക്കാൻ ആവശ്യമായ ആധുനിക സൗകര്യങ്ങളോടുകൂടിയ ജെട്ടികളും ഹാർബറുകളും എല്ലാ തീരപ്രദേശങ്ങളിലും സജ്ജമാക്കാനുള്ള നടപടി സ്വീകരിക്കുമോ; വ്യകതമാക്കാമോ;

**മറുപടി:** മത്സ്യത്തൊഴിലാളികൾക്ക് ബോട്ടുകളും മത്സ്യബന്ധന യാനങ്ങളും സുരക്ഷിതമായി അടുപ്പിക്കാൻ ആവശ്യമായ ആധുനിക സൗകര്യങ്ങളോട് കൂടിയ ജെട്ടികളും, ഹാർബറുകളും എല്ലാ തീരപ്രദേശങ്ങളിലും സജ്ജമാക്കുന്നത് നിലവിൽ പരിഗണനയിൽ ഇല്ല.

**(ബി)** കടലിൽ അപകടങ്ങൾ ഒഴിവാക്കാൻ ആധുനിക നാവിഗേഷൻ, ആശയവിനിമയസംവിധാനങ്ങൾ എല്ലാ മത്സ്യബന്ധനബോട്ടുകളിലും ലഭ്യമാക്കുമോ;

**മറുപടി:** സമുദ്ര മത്സ്യബന്ധന യാനങ്ങളുടെ നിരീക്ഷണത്തിനും നിയന്ത്രണത്തിനുമായി ദേശീയ വെസൽ കമ്മ്യൂണിക്കേഷൻ ആൻഡ് സപ്പോർട്ട് സിസ്റ്റത്തിന്റെ ഭാഗമായി 3563 യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളിലും (Motorised mechanised) 12121 യന്ത്രവത്കൃതമല്ലാത്ത മത്സ്യബന്ധനയാനങ്ങളിലും (Motorised) ഉൾപ്പെടെ ആകെ 15684 മത്സ്യബന്ധനയാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 6682 മോട്ടോറൈസ്ഡ് മത്സ്യബന്ധനയാനങ്ങളിലും, 2682 മെക്കനൈസ്ഡ് മത്സ്യബന്ധനയാനങ്ങളിലും ട്രാൻസ്പോണ്ടറുകൾ ഇതിനകം ഘടിപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള യാനങ്ങളിൽ ട്രാൻസ്പോണ്ടർ ഘടിപ്പിക്കുന്ന പ്രവൃത്തി ദ്രുതഗതിയിൽ നടന്നുവരുന്നു. ട്രാൻസ്പോണ്ടർ (Transponder) എന്നത് ഒരു മത്സ്യബന്ധന യാനത്തിന്റെ തിരിച്ചറിയൽ വിവരങ്ങളും സ്ഥാനവിവരങ്ങളും ഉപഗ്രഹം വഴിയോ റേഡിയോ ആശയവിനിമയ സംവിധാനം വഴിയോ കൈമാറാൻ ഉപയോഗിക്കുന്ന ഇലക്ട്രോണിക് ഉപകരണമാണ്. കടലിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ വർധിപ്പിക്കാനും അപകടസമയത്ത് രക്ഷാപ്രവർത്തനം വേഗത്തിലാക്കാനും ഇത് സഹായിക്കുന്നു. യാനത്തിന്റെ സ്ഥാനം കണ്ടെത്തുന്നതിന്, അപകടസന്ദേശം അയയ്ക്കുന്നതിന്, കാലാവസ്ഥാ മുന്നറിയിപ്പ്, സമുദ്രാതിർത്തി മുന്നറിയിപ്പ്, മത്സ്യബന്ധനത്തിന് സഹായം തുടങ്ങിയവയ്ക്ക് ട്രാൻസ്പോണ്ടർ സഹായകമാകുന്നു. ട്രാൻസ്പോണ്ടറുകൾ

പ്രവർത്തിക്കുന്നതിന് വൈദ്യുതി ആവശ്യമായതുകൊണ്ട് വൈദ്യുതി സൗകര്യമുള്ള യാനങ്ങളിൽ മാത്രമേ ട്രാൻസ്പോണ്ടർ ഘടിപ്പിക്കാൻ കഴിയുകയുള്ളൂ.

**(സി)** കാലാവസ്ഥാ വ്യതിയാനവും കടൽക്ഷോഭവും നേരിടാൻ മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ പരിശീലനം നൽകാനും ഇതിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**മറുപടി:** കാലാവസ്ഥാ വ്യതിയാനവും, കടൽക്ഷോഭവും നേരിടുന്നതിന് മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കുന്നതിന് ഫിഷറീസ് സ്റ്റേഷനുകളും, മത്സ്യഭവനുകളും കേന്ദ്രീകരിച്ച് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഏത് പരിതസ്ഥിതിയിലും സുഗമമായ മത്സ്യബന്ധനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ മത്സ്യബന്ധന ബോട്ടുകളുടെ ആധുനികവല്ക്കരണ പദ്ധതി നടപ്പിലാക്കി വരുന്നു. മരത്തടിയിൽ നിർമ്മിച്ച കാലപ്പഴക്കം ചെന്ന യാനങ്ങളെ സ്റ്റീൽ നിർമ്മിതമായ യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളായി ഘട്ടം ഘട്ടമായി മാറ്റുന്നതിന്/ നവീകരിക്കുന്നതിന് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. സ്വന്തം നിലയിൽ മത്സ്യബന്ധന യാനങ്ങൾ മാറ്റുന്നതിനോ നവീകരിക്കാനോ കഴിയാതെ ദൈനംദിന ഉപജീവനത്തിനായി ഇത്തരം മത്സ്യബന്ധന യാനങ്ങൾ ഉപയോഗിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതി പ്രയോജനം ചെയ്യും. പദ്ധതി പ്രകാരം 50% നിരക്കിൽ പരമാവധി 15.00 ലക്ഷം രൂപ വരെ ഒരു യൂണിറ്റിന് സബ്സിഡി നൽകും.

**സെക്ഷൻ ഓഫീസർ**